I/98932/2023

# കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ&റ്റി) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ - 01-01-2010 മുതൽ 31-12-2013 വരെയുള്ള കാലയളവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ തുടരുന്ന ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നമ്പർ. ഇ.എസ്5-6150/2019/ആ.വ.ഡ, തീയതി 05-11-2020 പ്രകാരമുള്ള സീനിയോറിറ്റി പട്ടിക.

2. ഉത്തരവ് നമ്പർ ഇഎസ്5-88248/2020/ആവഡ തീയതി 09-11-2020 പ്രകാരമുള്ള താത്കാലിക സീനിയോറിറ്റി പട്ടിക

3. ജിഒ(ആർ.റ്റി) നം.1777/2023/ആകുവ തിരുവനന്തപുരം തിയതി 20/07/2023

4. സൂപ്പർന്യൂമററി ജീവനക്കാരെ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യുന്നത് സംബന്ധിച്ച് വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ട്

## ഉത്തരവ് നമ്പർ. ആവഡ-4291/2023/ഇഎസ്5. തീയതി 27-10-2023

ആരോഗ്യ വകുപ്പിലെ 01-01-2007 മുതൽ 31-12-2010 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക മേൽ പരാമർശം(1) പ്രകാരവും, 01-01-2011 മുതൽ 31-12-2013 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക മേൽ പരാമർശം(2) പ്രകാരവും പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഈ രണ്ട് സീനിയോറിറ്റി പട്ടികകളിലും സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാർ ഉൾപ്പെട്ടിരുന്നു. എന്നാൽ സൂപ്പർന്യൂമററി വിഭാഗത്തിൽ ഉൾപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരെ മേൽ പരാമർശം(3) സർക്കാർ ഉത്തരവിൻപ്രകാരം ഈ തസ്തികയിൽ ഒഴിവ് വന്ന മുറയ്ക്ക് (date of occurance of vacancies in this cadre of JPHN Grade II ) സ്ഥിരം തസ്തികയിലേയ്ക്ക് ആഗിരണം ചെയ്യാൻ നിർദേശിച്ചിരിക്കുന്നു. ആയതുപ്രകാരം സൂപ്പർ ന്യൂമററി ജീവനക്കാരെ സ്ഥിരം തസ്തികയിലേയ്ക്ക് ആഗിരണം ചെയ്ത തിയതി വച്ച് സീനിയോറിറ്റി പുന:ക്രമീകരിച്ചു നൽകേണ്ടതുണ്ട്.

മേൽ പരാമർശം (1) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട റഗുലർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച 2007 മുതൽ 2009 കാലയളവിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

മേൽ പരാമർശം (1), (2) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിരുന്ന സൂപ്പർന്യൂമററി വിഭാഗത്തിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരെ മേൽ പരാമശം (3) സർക്കാർ ഉത്തരവിന്റെയും മേൽ പരാമർശം(4) പ്രകാരമുള്ള ജില്ലാമെഡിക്കൽ ഓഫീസർമാരുടെ റിപ്പോട്ടിന്റെയും അടിസ്ഥാനത്തിൽ സ്ഥിരം തസ്തികയിലേയ്ക്ക് ആഗിരണം ചെയ്ത തിയതി വച്ച് സീനിയോറിറ്റി അനുവദിച്ചു നൽകി 01/01/20110 മുതൽ 31/12/2013 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II സീനിയോരിറ്റി പട്ടിക തയ്യാറാക്കിയിരിക്കുന്നു.

മേൽ പരാമർശം (1) പ്രകാരമുള്ള 01/01/2007 മുതൽ 31/12/2010 വരെയുള്ള കാലയളവിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 318 മുതൽ റാങ്ക് നമ്പർ .594 (പട്ടികയിലെ അവസാന റാങ്ക് 594) വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരെയും, സൂപ്പർ ന്യൂമറി തസ്തികയിൽ ഉൽപ്പെട്ട റാങ്ക് നമ്പർ 304.305,306 എന്നീ ജീവനക്കാരെയും മേൽ പരാമർശം (1) സീനിയോറിട്ടി പട്ടികയിൽ നിന്നും ഒഴിവാക്കി 01/01/2010 മുതൽ 31.12.2013 വരെയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആയതിൻ പ്രകാരം 01/01/2010 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

**താൽക്കാലിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം അനുബന്ധമായി പ്രസിദ്ധീകരിക്കുന്നു**

പ്രസ്തുത പട്ടികയിന്മേൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ പട്ടിക പ്രസിദ്ധീകരിച്ച്10 ദിവസത്തികം നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

01/01/2010 മുതൽ 31/12/2013 വരെയുള്ള കാലയളവിൽ നിയമനം ലഭിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാർ ആരെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലങ്കിൽ നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തി പി എസ് സി അഡ്വൈസിന്റെ പകർപ്പ്, ജില്ലാമെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ സഹിതം

I/98932/2023

കൃത്യ സമയത്ത് അതാത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ ഇക്കാലയളവിൽ പി എസ് സി മുഖാന്തിരമോ ,ആശ്രിത നിയമന പ്രകാരമോ ജോലി ലഭിച്ച ജീവനക്കാരോ, അന്തർ ജില്ലാ സ്ഥലംമാറ്റം പ്രകാരം ആരെങ്കിലും ഇക്കാലയളവിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ലഭിച്ച പ്രൊഫോർമയോടൊപ്പം ടി സ്ഥാപനത്തിൽ നിന്ന് ഇനി ആരെയും ഇക്കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്താനില്ല എന്ന വിവരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കുള്ള ആമുഖ കത്തിൽവ്യക്തമാക്കേണ്ടതുമാണ്.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ജീവനക്കാർ സമർപ്പിക്കുന്ന അപ്പീലുകൾ സർവ്വീസ് രജിസ്റ്ററുമായി ഒത്തുനോക്കി ശരിയാണെന്ന് ബോധ്യപ്പെടുത്തിയ സാക്ഷ്യപത്രം സഹിതം അപ്പീലുകൾ ഈ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ടി സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആർക്കെങ്കിലും അന്തർ ജില്ലാ സ്ഥലംമാറ്റം , ശൂന്യവേതനാവധി ,ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, ഡിസിപ്ലിനറി ആക്ഷൻ, സസ്പെഷൻ തുടങ്ങിയവ ഉണ്ടെങ്കിൽ ടി വിശദാംശങ്ങൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ആയതിൻപ്രകാരം പരാതികളോ കോടതി വ്യവഹാരങ്ങളോ ഉണ്ടാകുന്ന മുറയ്ക്ക് ടി വസ്തുതകൾ വെളിപ്പെടുത്താതെ സീനിയോരിറ്റി പട്ടികയിൽ ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ ഉണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും എന്നറിയിച്ചുകൊള്ളുന്നു. അന്തിമ പട്ടിക പ്രസിദ്ധീകരിച്ച ശേഷം വരുന്ന ഒരു അപ്പീലുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപ്പീലുകൾ യഥാസമയം ലഭ്യമാക്കാതെ സീനിയോരിറ്റി പട്ടികയിൽ സ്ഥാനം നഷ്ടപ്പെടുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

.

Signed by
Dr. Jayasree V
Date: 27-10-2023 12:31:30

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.

(ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)-ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി സീനിയോരിറ്റി പട്ടികയുടെ പകർപ്പ് ഇ മെയിൽ മുഖേന എല്ലാ കീഴ് സ്ഥാപനങ്ങൾക്കും അയച്ചു നൽകേണ്ടതാണ്)

പകർപ്പ്:-

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് വെബ് സൈറ്റ്മുഖേന)
2. സൂപ്രണ്ട്, എഫ്.ഡബ്ല്യു.എ. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ